# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3565** **22/08/2017-ൽ മറുപടിക്ക്**

## നാർക്കോട്ടിക് വിഭാഗത്തിൽപെടുന്ന മരുന്നുകളുടെ ദുരുപയോഗം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.അബ്ദുൾ ഖാദർ**<br>**,, രാജു എബ്രഹാം**<br>**,, വി. അബ്ദുറഹിമാൻ**<br>**,, ആന്റണി ജോൺ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| **എ)** സംസ്ഥാനത്ത് നാർക്കോട്ടിക് വിഭാഗത്തിൽപെടുന്ന മരുന്നുകളുടെ ദുരുപയോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>**ബി)** എങ്കിൽ ഇതിന്റെ ദുരുപയോഗം കണ്ടെത്തുന്നതിനായി എക്സൈസ് വകുപ്പുമായി സംയുക്ത പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | **എ) യും ബി) യും** ഉണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പ് എക്സൈസ് വകുപ്പുമായി ചേർന്ന് സംസ്ഥാനത്തുടനീളം 149 ഔഷധ വ്യാപാര സ്ഥാപങ്ങളിൽ പരിശോധന നടത്തുകയുണ്ടായെങ്കിലും നാർകോട്ടിക് വിഭാഗത്തിൽപെടുന്ന മരുന്നുകൾ ദുരുപയോഗം ചെയ്യുന്നതിനായി വില്പന നടത്തുന്നതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. |
| **സി)** ഡ്രഗ്സ് ആന്റ് നാർക്കോട്ടിക്സ് ആക്ട് പ്രകാരം ലൈസൻസ് നൽകിയിട്ടുള്ള നാർക്കോട്ടിക് മരുന്നുകളുടെ ദുരുപയോഗം മരുന്ന് വ്യാപാര സ്ഥാപനങ്ങളിൽ നടക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന് സ്ഥിരം പരിശോധന നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | **സി)** വിപണിയിൽ ലഭ്യമായ നാർക്കോട്ടിക് & സൈക്കോട്രോപ്പിക് മരുന്നുകളുടെ വില്പന വിശദാംശങ്ങൾ അടങ്ങുന്ന പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നതിന് കേരളത്തിലെ എല്ലാ മൊത്ത/ചില്ലറ ഔഷധ വ്യാപാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഡ്രഗ്സ് ഇൻസ്പെക്ടർമാർ പ്രത്യേക പരിഗണന നൽകി ആയത് പരിശോധിച്ച് ഇത്തരത്തിലുള്ള മരുന്നുകൾ ദുരുപയോഗം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നുമുണ്ട്. |
| **ഡി)** ഇതുസംബന്ധിച്ച പരാതികളിന്മേലോ അറിയിപ്പുകളിന്മേലോ കാലതാമസം കൂടാതെ കർശന നടപടികൾ സ്വീകരിക്കുമോ; | **ഡി)** നാർക്കോട്ടിക് മരുന്നുകളുടെ ദുരുപയോഗം സംബന്ധിച്ച പരാതികളിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് യാതൊരുവിധ കാലതാമസവും കൂടാതെ അവയുടെ ദുരുപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| **ഇ)** മേൽപ്പറഞ്ഞ ആക്ടിലെ നിയമങ്ങൾ ലംഘിച്ചുകൊണ്ട് സൗന്ദര്യവർദ്ധക ഉല്പന്നങ്ങൾ വിൽക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | **ഇ)** സൗന്ദര്യ വർദ്ധക വസ്തുക്കളുടെ നിർമ്മാണത്തിനും ഇറക്കുമതിയ്ക്കും മാത്രമേ, ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് & റൂൾസ് പ്രകാരം നിലവിൽ നിയന്ത്രണമുള്ളൂ. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന സൗന്ദര്യ വർദ്ധക വസ്തുക്കളിൽ 90%-വും അന്യസംസ്ഥാനങ്ങളിൽ നിർമ്മിക്കുന്നവയോ, വിദേശരാജ്യങ്ങളിൽ നിന്ന് ഓപ്പൺ ജനറൽ |

➡

ലൈസൻസ് (ഒ.ജി.എൽ.) വഴി ഇറക്കുമതി ചെയ്യുന്നവയോ ആണ്. ഇവയുടെ വിൽപന നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങളൊന്നും തന്നെ പ്രാബല്യത്തിലില്ല. എന്നിരുന്നാലും ലേബൽ വ്യവസ്ഥകൾ പാലിക്കപ്പെടാത്തവയും, വ്യാജമായവയുമായ സൗന്ദര്യ വർദ്ധക വസ്തുക്കൾ കണ്ടെടുത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതു കൂടാതെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ പതിവ് പരിശോധനാവേളകളിൽ, സൗന്ദര്യ വർദ്ധക വസ്തുക്കളിൽ മുഖ്യമായും ഷാംപൂ, സോപ്പ്, ക്രീം എന്നിവയുടെ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ